# സന്ദേശനിലയം

മ്ശിഹായിൽ സ്നേഹമുള്ളവരേ,

ഈശോയുടെ മാമോദീസായും പരസ്യജീവിതവും ധ്യാനിക്കുന്ന ദനഹാക്കാലത്തിൽ മാമോദീസായിലൂടെ നമുക്കു ലഭിച്ച ദൈവകൃപയ്ക്കനുസരിച്ചു വിശുദ്ധിയിൽ വളരാൻ പരിശ്രമിക്കാം. ഈശോയ്ക്കു സാക്ഷ്യംവഹിച്ച രക്തസാക്ഷികളെയും സഭാപിതാക്കന്മാരെയും വിശുദ്ധരെയും പ്രത്യേകമായി അനുസ്മരിക്കുന്ന ഈ കാലഘട്ടത്തിൽ അനുദിനജീവിതസാഹചര്യങ്ങളിൽ ഈശോയ്ക്കു സാക്ഷ്യംവഹിക്കുന്നവരായി മാറാം. സൺഡേസ്കൂൾ ജീവിതത്തിലെ ഒരു വർഷക്കാലത്തെ പ്രയത്നത്തിന്റെ വിളവെടുപ്പുകാലമായി. ഇനിയുള്ള സമയം അത്യുത്സാഹത്തോടെ നൂറുമേനി വിളവെടുപ്പിനായി പരിശ്രമിക്കാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ഫെബ്രുവരി**

02 ഞായർ : ദനഹാക്കാലം അഞ്ചാം ഞായർ ക്ലാസ്സ്- 36
**സൺഡേസ്കൂൾ രണ്ടാം ടേം എഴുത്തുപരീക്ഷ**
03 തിങ്കൾ : രണ്ടാം ടേം വാചികപരീക്ഷാരംഭം (10, 11, 12 ക്ലാസ്സുകൾ)
08 ശനി : സി.എൽ.റ്റി. ക്ലാസ്സ്
09 ഞായർ : ദനഹാക്കാലം ആറാം ഞായർ ക്ലാസ്സ്- 37
15 ശനി : സി.എൽ.റ്റി. ക്ലാസ്സ്, രണ്ടാം ടേം വാചികപരീക്ഷാവസാനം (10, 11, 12 ക്ലാസ്സുകൾ)
16 ഞായർ : ദനഹാക്കാലം ഏഴാം ഞായർ ക്ലാസ്സ്- 38
22 ശനി : സി.എൽ.റ്റി. ക്ലാസ്സ്
23 ഞായർ : ദനഹാക്കാലം എട്ടാം ഞായർ ക്ലാസ്സ്- 39
28 വെള്ളി : സകലമരിച്ചവരുടെയും തിരുനാൾ

**മാർച്ച്**

01 ശനി : സി.എൽ.റ്റി. ക്ലാസ്സ്
02 ഞായർ : നോമ്പുകാലം ഒന്നാം ഞായർ ക്ലാസ്സ്- 40
03 തിങ്കൾ : വിഭൂതി (ഉപവാസദിനം)- അമ്പതുനോമ്പാരംഭം
08 ശനി : സി.എൽ.റ്റി. ക്ലാസ്സ്
09 ഞായർ : നോമ്പുകാലം രണ്ടാം ഞായർ ക്ലാസ്സ്- 41

### സൺഡേസ്കൂൾ രണ്ടാം ടേം എഴുത്തുപരീക്ഷ

സൺഡേസ്കൂളിലെ രണ്ടാം ടേം എഴുത്തുപരീക്ഷ **ഫെബ്രുവരി രണ്ടിന്** 1 മുതൽ 7 വരെ ക്ലാസ്സുകൾക്കു രാവിലെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക്

ഉച്ചകഴിഞ്ഞുമായി നടത്തപ്പെടുന്നതാണ്. പരീക്ഷാദിനത്തിൽ കുട്ടികളെല്ലാം പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നുണ്ടെന്നു വിശ്വാസപരിശീലകർ ഉറപ്പു വരുത്തേണ്ടതാണ്.

**വാചികപരീക്ഷ: 10, 11, 12 ക്ലാസ്സുകൾക്ക്**

10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കു **ഫെബ്രുവരി 16നു മുമ്പായി** വാചിക പരീക്ഷ നടത്തേണ്ടതാണ്. നമസ്കാരങ്ങൾക്കൊപ്പം പാഠപുസ്തകവും അടിസ്ഥാനമാക്കിയാണ് ഇതു നടത്തേണ്ടത് (വിശദവിവരങ്ങൾ മതബോധന കലണ്ടർ പേജ് 21ൽ). 12-ാം ക്ലാസ്സുകളിലെ കുട്ടികളുടെ വാചികപരീക്ഷ സാധിക്കുമെങ്കിൽ ഡയറക്ടറച്ചന്മാർ നടത്തുന്നത് ഉചിതമാണ്.

ക്ലാസ്സ് 10 - പാഠപുസ്തകം (15 മാർക്ക്), നമസ്കാരങ്ങൾ (10 മാർക്ക്)

ക്ലാസ് 11, 12 - പാഠപുസ്തകം (20 മാർക്ക്), നമസ്കാരങ്ങൾ (10 മാർക്ക്)

**മുതിർന്നകുട്ടികൾക്കുള്ള തുടർപരിശീലനം**

രണ്ടാം ടേം പരീക്ഷയ്ക്കുശേഷം 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളുടെ തുടർപരിശീലനത്തിന്റെ ഭാഗമായി വികാരിയച്ചന്റെ അനുമതിയോടെ വിശ്വാസോത്സവം ആരംഭിക്കുന്നതുവരെയുള്ള ഞായറാഴ്ചകളിൽ മുതിർന്നവരുൾപ്പെടുന്ന ഇടവകസമൂഹത്തിനുള്ള പരിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ ഇവർക്ക് അവസരമൊരുക്കുന്നത് ഉചിതമാണ്. ഇവർക്കൊപ്പം വിശ്വാസപരിശീലകരുടെ സാന്നിധ്യമുണ്ടാകേണ്ടതാണ്. പരിശുദ്ധ കുർബാനയ്ക്കുശേഷം കുട്ടികളെ ഒരുമിച്ചുചേർത്തു ഹാജർ രേഖപ്പെടുത്തേണ്ടതും അൽപ്പസമയം ചർച്ചകൾക്കായി വിനിയോഗിക്കേണ്ടതുമാണ്. ഈ വിവരം കുട്ടികളെ മുൻകൂട്ടി അറിയിക്കാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ (വിശദവിവരങ്ങൾ മതബോധനകലണ്ടർ പേജ് 22ൽ).

**സിലബസ്: 1-9 ക്ലാസ്സുകൾ (ഫെബ്രുവരി 9 മുതൽ)**

| | |
|---|---|
| ക്ലാസ്സ് 1-3 | പാഠപുസ്തകത്തിലെ നമസ്കാരങ്ങൾ, ബൈബിൾ വാക്യങ്ങൾ |
| ക്ലാസ്സ് 4 | 'ഈശോയെ സ്വീകരിക്കാൻ' (1-6 വരെ പാഠങ്ങൾ) |
| ക്ലാസ്സ് 5-7 | 'വചനത്തിന്റെ പാതയിൽ' (സി.എം.എൽ. പഠനഗ്രന്ഥം 2024-2025), നമസ്കാരങ്ങൾ |
| ക്ലാസ്സ് 8 | 'Let us Talk Sex' (ഉപപാഠപുസ്തകം), നമസ്കാരങ്ങൾ |
| ക്ലാസ്സ് 9 | 'വിശ്വാസബോധ്യങ്ങൾ ആത്മരക്ഷയ്ക്ക്' (ഉപപാഠപുസ്തകം), നമസ്കാരങ്ങൾ |

- ഉപപാഠപുസ്തകങ്ങൾ സന്ദേശനിലയം-മിഷൻലീഗ് ഓഫീസിൽ ലഭ്യമാണ്.

**വിശ്വാസോത്സവം**

ഈ വർഷത്തെ വിശ്വാസോത്സവം **ഏപ്രിൽ 1 മുതൽ 10 വരെ** തീയതികളിൽ മുൻനിർദേശങ്ങളനുസരിച്ചു ക്രമീകരിക്കേണ്ടതാണ്. അധ്യാപകർക്കുള്ള വിശ്വാസോത്സവസെമിനാർ ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി നടത്തപ്പെടുന്നതാണ്. ഓരോ ഫൊറോനകളിലും നടത്തപ്പെടുന്ന പരിശീലനം നേടാൻ അതതു

വിഭാഗങ്ങളിൽപ്പെട്ട അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. *ഈ വർഷത്തെ പഠനവിഷയം:* **വചനം ഹൃദയത്തിലും ജീവിതത്തിലും** (വിശദവിവരങ്ങൾ 2024-2025 മതബോധനകലണ്ടർ 33-34 പേജുകളിൽ)

**അതിരൂപതാ സ്കോളർഷിപ്പ്**

ഒന്ന്, രണ്ട് ടേമുകളിലെ പരീക്ഷകളുടെ മാർക്കിന്റെ {(1 A + 1 B) + (2 A)} അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് പരീക്ഷയെഴുതാൻ അർഹതയുള്ളവരുടെ സാധ്യതാലിസ്റ്റ് **മാർച്ച് 20നു മുമ്പായി** സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. എഴുത്തുപരീക്ഷകളുടെ ഉത്തരക്കടലാസുകളും ലിസ്റ്റിനൊപ്പം ഉണ്ടായിരിക്കണം. (വിശദവിവരങ്ങൾ 2024-2025 മതബോധനകലണ്ടർ 31-32 പേജുകളിൽ)

**പ്രത്യേകശ്രദ്ധയ്ക്ക്**

അതിരൂപതാവിഹിതവും പാഠപുസ്തകത്തിന്റെ തുകയും നൽകാനുള്ളവർ എത്രയുംവേഗം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

**ജൂബിലിവർഷാചരണം**

ഈശോയുടെ ജനനത്തിന്റെ 2025-ാം ജൂബിലിയോടനുബന്ധിച്ചുള്ള ഒരുക്കത്തിന്റെ ഭാഗമായി സന്ദേശനിലയവും-മിഷൻലീഗും ഒന്നിച്ചുചേർന്നു നൽകുന്ന പ്രവർത്തനങ്ങൾ ഇടവകകളിൽ പ്രോത്സാഹിപ്പിക്കാൻ പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രവർത്തനങ്ങളറിയാനായി മിഷൻലീഗിന്റെ വാർത്താപേജുകൾ കാണുക.

**ആദരാഞ്ജലികൾ**

സൺഡേസ്കൂൾ മുൻ അധ്യാപിക സി. ലിറ്റിൽ മേരി ആലഞ്ചേരി എസ്.എ.ബി.എസ്., നിർമലപുരം സൺഡേസ്കൂൾ മുൻ അധ്യാപകനും മിഷൻ ലീഗിന്റെ ആദ്യകാലപ്രവർത്തകനുമായ മാത്യു ജോസഫ് മുണ്ടാട്ടുചുണ്ടയിൽ, കുമരകം ഹോളി ഫാമിലി സൺഡേസ്കൂൾ മുൻ പ്രധാനാധ്യാപകരായ ജോസഫ് ജെ. തറയിൽ, മത്തായി എം. സി. എന്നിവരുടെയും പുതുപ്പള്ളി സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് സി. ഫ്ളോസി എ.ഒ., കുറുമ്പനാടം മിഷൻലീഗ് മേഖലാ ജോയിന്റ് ഡയറക്ടർ സി. ലിൻസ് മരിയ എഫ്.സി.സി., കുമരങ്കരി സൺഡേസ്കൂൾ അധ്യാപിക ലിസമ്മ ജോർജ്, നാലുകോടി സൺഡേസ്കൂൾ അധ്യാപിക റ്റെസി ലാലി, മാമ്മൂട് സൺഡേസ്കൂൾ അധ്യാപകൻ റ്റോണി പാലാക്കുന്നേൽ, പുലിമുഖം സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ജോജോമോൻ ജോർജ് എന്നിവരുടെ മാതാക്കളുടെയും കോട്ടയ്ക്കുപുറം സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ സനീഷ് എബ്രാഹം, കുമരകം ഹോളി ഫാമിലി സൺഡേസ്കൂൾ അധ്യാപിക റ്റെസി ജോസ്, കുമരകം സെന്റ് ജോൺ നെപുംസ്യാനോസ് സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് റോസ്മി പ്രിൻസ്, ചീരഞ്ചിറ സൺഡേസ്കൂൾ അധ്യാപകൻ ഷൈരാജ് വർഗീസ്, പുത്തനങ്ങാടി സൺഡേസ്കൂൾ അധ്യാപിക ട്രീസ ജോയിസൺ, കുമരങ്കരി സൺഡേസ്കൂൾ അധ്യാപിക ബിൻസി മാത്യു എന്നിവരുടെ പിതാക്കന്മാരുടെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ് (CML)

സ്നേഹമുള്ള കുഞ്ഞുമിഷണറിമാരേ,

നമ്മുടെ കർത്താവീശോമ്ശിഹായുടെ ജനനത്തിന്റെ 2025-ാം വർഷത്തിൽ, ഈശോയെ പ്രാർഥനയിലൂടെ വ്യക്തിപരമായി കണ്ടുമുട്ടാനും കണ്ടുമുട്ടിയ ഈശോയെ പങ്കുവെക്കാനും തീക്ഷ്ണമായി പരിശ്രമിക്കാം. തീവ്രമായ പഠനത്തിന്റെയും പരീക്ഷയുടെയും ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നല്ലവിജയം വരിക്കാൻ എല്ലാവിധ ആശംസകളും നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ഫെബ്രുവരി**

08 ശനി, 09 ഞായർ — അൾത്താരബാലന്മാരുടെ ക്യാംപ്- **കെരുബിം 2025**

22 ശനി — അതിരൂപതാതല ഇലക്ഷൻ: ഓർഗനൈസിങ് സമിതി

**മാർച്ച്**

3 തിങ്കൾ — വിഭൂതി (ഉപവാസദിനം)- അമ്പതുനോമ്പാരംഭം

**കെരുബിം 2025**

അൾത്താരബാലന്മാർക്കായുള്ള അതിരൂപതാതല ക്യാംപ് **ഫെബ്രുവരി 8, 9** തീയതികളിൽ സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. 8, 9, 10 ക്ലാസ്സുകളിലെ കുട്ടികളെയാണ് ഇതിലേക്ക് അയയ്ക്കേണ്ടത്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികൾക്കാണ് അവസരം ലഭിക്കുന്നത്. ഒരിടവകയിൽനിന്നും 2 ആൺകുട്ടികളെയാണു പ്രതീക്ഷിക്കുന്നത്. അതിരൂപതാ ക്യാംപിൽ പങ്കെടുക്കുന്നവരിൽനിന്നും ധന്യൻ മാർ കുര്യാളശ്ശേരി അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുന്നതാണ്. ക്യാംപ് ഫീസ് 700 രൂപയാണ്. ഫെബ്രുവരി 8 രാവിലെ ഒമ്പതിന് ആരംഭിക്കുന്ന ക്യാംപ് ഫെബ്രുവരി 9 ഉച്ചകഴിഞ്ഞു മൂന്നിനു സമാപിക്കുന്നതാണ്. ക്യാംപിൽ പങ്കെടുക്കാനെത്തുന്നവരുടെ പക്കൽ വികാരി അച്ചന്റെ സാക്ഷ്യപത്രംകൂടി കൊടുത്തുവിടണമെന്ന് അഭ്യർഥിക്കുന്നു.

**ശാഖ-മേഖല-അതിരൂപതാതലതെരഞ്ഞെടുപ്പ്**

ശാഖാതലത്തിലുള്ള ഇലക്ഷൻ പൂർത്തിയായെന്നു കരുതുന്നു. മേഖലാതലത്തിലുള്ള ഇലക്ഷൻ ഇനിയും നടത്താനുള്ള മേഖലകൾ തെരഞ്ഞെടുപ്പു പൂർത്തീകരിച്ചു **ഫെബ്രുവരി എട്ടിനു മുമ്പായി** അതിരൂപതാ ഓഫീസിൽ ലിസ്റ്റ് നൽകണമെന്നു താത്പര്യപ്പെടുന്നു. ഓർഗനൈസിങ് സമിതിയുടെ അതിരൂപതാതലത്തിലുള്ള ഇലക്ഷൻ **ഫെബ്രുവരി 22നു** നടത്തപ്പെടുന്നതാണ്.

**ജൂബിലിവർഷാചരണം**

ജൂബിലിവർഷത്തിൽ 'പ്രത്യാശയുടെ തീർഥാടകർ' എന്ന നിലയിൽ ദനഹാക്കാലത്തു താഴെപ്പറയുന്ന കാര്യങ്ങൾ ക്രമീകരിക്കാൻ സൺഡേസ്കൂളിന്റെയും മിഷൻലീഗിന്റെയും ആഭിമുഖ്യത്തിൽ വിശ്വാസപരിശീലകർ ശ്രദ്ധിക്കുമല്ലോ.

1. ജീവന്റെ മൂല്യത്തെക്കുറിച്ച് അവബോധം നൽകുന്ന കാര്യങ്ങൾ വിശ്വാസപരിശീലകർ ക്ലാസ്സുകളിൽ പങ്കുവെക്കുക. സാധിക്കുന്നയിടങ്ങളിൽ അതിനു സഹായകമായ പ്രത്യേകക്ലാസ്സുകൾ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുക. വീഡിയോകൾ പ്രദർശിപ്പിക്കുക.
2. കൂടുതലംഗങ്ങളുള്ള (കുട്ടികൾ) കുടുംബങ്ങളുടെ നന്മകളെക്കുറിച്ചു ചർച്ച ചെയ്യുക. ഇടവകയിലെ അത്തരം കുടുംബങ്ങളെ കുട്ടികൾക്കു പരിചയപ്പെടുത്തിക്കൊടുക്കുക. അത്തരം കുടുംബങ്ങളുടെ പങ്കുവെക്കലുകൾക്കു ക്ലാസ്സ്/ സൺഡേസ്കൂൾതലങ്ങളിൽ അവസരം നൽകുക.
3. ദനഹാക്കാലത്ത് 'ബൈബിൾ വേഴ്സ് ബോക്സി'ൽ നിക്ഷേപിക്കാനായി കണ്ടെത്തേണ്ടതു സമാധാനം, ജീവന്റെ മൂല്യം എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള തിരുവചനഭാഗങ്ങളായിരിക്കണം.